# ശ്രീതിലകം

എല്ലാരുമെന്നെവെടിഞ്ഞു, നിശിതമാ-
മല്ലി, ലെന്നാലും തളൎന്നുവീണില്ലഞാൻ !
കണ്ടകം പാകീ വഴിയ്യെല്ലാംക്ക,യെങ്കിലും
കൊണ്ടീലതിലൊന്നുപോലുമെൻ കാൽകളിൽ !

ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ശ്രീതിലകം

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി.

പ്രസാധകന്മാർ:

പി. കെ. ബ്രദേഴ്സ്,

ഹജൂർ റോഡ്, കോഴിക്കോട്.

Digitized By Kerala Sahitya Akademi

First Impression
in Thulam, 1119.
(1000 Copies.)

COPYRIGHT

*Reserved and kept by*

MRS. SREE DEVI CHANGAMPUZHA

"Sree Devi Mandiram"

EDAPPALLY

(N. Travancore.)

PRICE
RUPEE ONE

Printed at
THE SARASWATHY PRINTING WORKS,
CALICUT.

Digitized By Kerala Sahitya Akademi

To

**MAJOR SIRDAR K. M. PANIKKAR,**

(Prime Minister, Bikaner)

This Collection of Lyrics is dedicated

with every Sentiment of

Respect, admiration, love and gratitude.

EDAPPALLY,
15-3-1119.

CHANGAMPUZHA.

Digitized By Kerala Sahitya Akademi

വിശ്വരംഗത്തിൽ നിന്നെ മാത്രം, ഞാൻ
വിശ്വസിപ്പൂ, മരണമേ!

Digitized By Kerala Sahitya Akademi

# ശ്രീതിലകം

കവിതകൾ.


| | | |
|---|---|---|
| 1. | ടാഗോർ | 1117 മകരം |
| 2. | തപ്തസ്മൃതി | 1117 കുംഭം |
| 3. | വെളിച്ചത്തിൻെറ മുൻപിൽ | 1111 ഇടവം |
| 4. | പാപത്തിൻെറ പുഷ്പങ്ങൾ | 1115 കന്നി |
| 5. | മായാചിത്രം | 1117 വൃശ്ചികം |
| 6. | ആത്മഖേദം | 1108 മീനം |
| 7. | മങ്ങിയ കിരണങ്ങൾ | 1110 ഇടവം |
| 8. | അഴലിൻെറ നിഴലിൽ | 1113 ധനു |
| 9. | സാന്ത്വനം | 1110 മകരം |
| 10. | പ്രാണനാഥൻ | 1112 ഇടവം |
| 11. | പൂമുററം | 1112 ചിങ്ങം |
| 12. | മാഴ്കായ്ക്ക മോഹിനി | 1113 മിഥുനം |
| 13. | മാദകാലാപം | 1110 ധനു |
| 14. | സായൂജ്യദീപ്തി | 1112 മേടം |
| 15. | അശ്രുപൂജ | 1119 കന്നി |


——:0:——

Digitized By Kerala Sahitya Akademi

മലയാളത്തിന്റെ ഫലിതം ചാർത്തും
മണിമാലകൾക്കു നടുവിൽ,
മരതകപ്പച്ചപ്പതക്കം തൂക്കീ
മഹനീയ "സഞ്ജയ" നാമം.
വിമലദ്യുതിവീശി മേന്മേലതു
വിലസിടട്ടാ കല്പകാലം !

Digitized By Kerala Sahitya Akademi

# 1. ടാഗോർ.

[കുമാരനല്ലൂർ "സാഹിത്യപോഷിണി" സഭയുടെ ആഭിമുഖ്യത്തിൽ പ്രസ്തുത വിഷയത്തെ അധികരിച്ചു നടത്തിയ കവിതാമത്സരത്തിൽ പ്രഥമസമ്മാനമായ സുവർണ്ണമെഡലിന് അർഹമായത്.]

ലോകസനാതന സാഹിത്യ സാരഥേ !
നാകലോകത്തിൻ നിരാഘനവാരിധേ !
അച്ഛിപ്പൂ, ഹാ, കൊച്ചുകൂപ്പുകൈമൊട്ടിനാൽ,
പിച്ചവെച്ചെത്തിയെൻ സങ്കല്പമങ്ങയെ !
ഉല്ലസിപ്പൂ ഭവാനങ്ങുതാ കല്പക-
പല്ലവാച്ഛാദിത നന്ദനച്ഛായയിൽ.
ചേലിൽ, ത്തവാനത മൗലിയിൽ കൈവെച്ചു
കാളിദാസൻ ഭവാന്നർപ്പിപ്പൂ മംഗളം.
പ്രാർത്ഥിച്ചു കൈകൂപ്പി നില്ക്കുന്നൊരങ്ങയെ-
ത്തീർത്ഥോദകം തളിക്കുന്നു സപ്തർഷിമാർ !

2

മന്ദാകിനിയിൽ നിന്നെത്തും മനോഹര-
മന്ദാര സൗരഭ സാന്ദ്ര മന്ദാനിലൻ,
ആ നിത്യശാന്തിനികേതത്തിലങ്ങേ-
ന്നാഗമനോത്സവപ്പൊൽക്കൊടിക്കൂറകൾ,
നീളെപ്പറത്തവേ, നിൽപ്പൂനവരത്ന-
താലം പിടിച്ചുകൊണ്ടപ്സര:കന്യകൾ

Digitized By Kerala Sahitya Akademi

മുന്നിൽ നിറപറവെച്ചു, ഹർഷാശ്രുക്കൾ
ചിന്നി,ക്കരം കൂപ്പിനിൽപ്പൂ "ചിത്രാംഗദ."
ജാതകൌതൂഹലം പാടുന്നു ദേവകൾ
"ഗീതാഞ്ജലി"യിലെ പ്പാവനഗീതികൾ !

3

"ദേവേന്ദ്രനാഥ" പദാബ്ജരജസ്സണി-
ഞ്ഞാവിർഭവൽ സ്മിതശ്രീമയാർദ്രാസ്യനായ്,
കാലാതിവർത്തിയായ്, വിണ്ണിലേവം ഭവാൻ
ലാലസിപ്പൂ ദിവ്യ വിശ്വ മഹാകവേ!
ഇങ്ങിദ്ധരിത്രിയോ തേങ്ങിക്കരകയാ-
ണങ്ങതൻ വേർപാടിലാകുല സ്തബ്ധയായ് !
എത്ര കാലത്തെത്തപസ്സിൻ മഹാപുണ്യ-
മൊത്തൊരുമിച്ചതാണാ രവീന്ദ്രോദയം;
കഷ്ടം, മതിനെയുമെത്തി ഗ്രസിച്ചിതോ
ദുഷ്ടതമസ്സേ, കനിവിയലാതെ നീ?

4

ഇല്ല, മരിയ്ക്കിലും, നൂനം, ഭവാൻ മരി-
ക്കില്ലൊരുനാളും, മഹിതമഹാകവേ!
"ചന്ദ്രകല"യിൽ നിന്നൂറിയൊഴുകുന്ന
സുന്ദരബാല്യ സുശീതളസുസ്മിതം.
"ഉദ്യാനപാല"ൻെറ രാഗാർദ്രഹൃത്തിലൂ-
ടെത്തിനോക്കുന്നുല്ലസദ്യൌവനോന്മദം.
പൂതമാമാദ്ധ്യാത്മികാരാമസീമയിൽ-
പ്പൂവിട്ടു പൂവിട്ടു നിൽപ്പുനിൻ ചിന്തകൾ.

Digitized By Kerala Sahitya Akademi

"മൃത്യു"വെപ്പോലും മധുരീകരിച്ചൊര-
സ്സത്യമൊന്നേ ഭവാൻ വാഴ്ത്തീ, മഹാമതേ !

5

നിസ്സാരമാമൊരു നീഹാരബിന്ദുവും
നിസ്സീമതേജോനികേതാർക്കബിംബവും,
ചിന്തനാതീതമാം മറ്റേകചൈതന്യ-
തന്തുവിലൊന്നിച്ചു കോർത്തിണക്കീഭവാൻ !
അണ്ഡകടാഹസഹസ്രങ്ങളാൽ, കാവ്യ-
മണ്ഡലത്തിൽബ് ഭവാൻ പന്താടിനില്ക്കവേ,
തജ്ജന്യസൂക്ഷ്മസനാതനസംഗീത-
നിർഝരത്തിൻ പൊൻതിരകളിലങ്ങനെ.
സഭ്രമം കൈകോർത്തുനിന്നു നൃത്തംചെയ്തു
മൃത്യുവും, ജന്മവും, ജന്മാന്തരങ്ങളും !

6

വേദരാജ്യത്തിൻ വരിഷ്ഠസന്താനമേ !
വേദാന്ത ഗംഗയിൽ ക്രീഡിച്ച ഹംസമേ !
ഗീതാമൃതം നുകർന്നദ്വൈതസാരസം-
ഗീതം ചൊരിഞ്ഞു മറഞ്ഞുനീ, യെങ്കിലും,
മുക്തിയിലേയ്ക്കുടുപ്പിപ്പൂ ലോകത്തെ, നിൻ
ഭക്തിയോഗത്തിൻ കുളിർത്ത കളകളം !
നിത്യസ്മൃതിയി, ലതിൻ തരംഗങ്ങളിൽ-
ത്തത്തിക്കളിക്കും ശതവർഷകോടികൾ !
വെല്ക, നീ, വിദ്വൈകസാഹിത്യസാരഥേ !
വെല്ക നീ വിണ്ണിൻ വിശുദ്ധനവാതിഥേ !

---

Digitized By Kerala Sahitya Akademi

# 2. തപ്തസ്മൃതി

അപഹൃതാഭമാദ മാകിലെ,ന്തോൎമ്മയി-
ലലരുതിക്കുന്നിതിന്നു മപ്പൂവനം.
ഭുവനഭാഗ്യങ്ങളസ്തമിച്ചെങ്കിലും
കവനസാന്ദ്രമാണിന്നുമെന്മാനസം.

കനകപത്രം വിടൎത്തി,യാമായിക-
ദിനശതങ്ങൾ പറന്നുപോയെങ്കിലും,
അണയുമാറുണ്ടിടയ്ക്കിടയ്ക്കിപ്പൊഴു-
മകലെനിന്നുമൊരവ്യക്ത കൂജനം!

അവികലാഃവശകോൽഫുല്ലകങ്ങളാം
നവവികാരങ്ങൾ ഞെട്ടടൎന്നീടിലും,
പരിസരത്തെപ്പരിരംഭണങ്ങളാൽ-
പ്പരിചരിപ്പൂ പരിമളമിപ്പൊഴും!
നിഹതനല്ലമനുഷ്യൻ-സ്മൃതികൾ തൻ
നിറമലർക്കാവധീനമായുള്ളവൻ!

2

മറവിമായ്ക്കിലും, മായാതെ നില്പിതാ
മരതകോജ്ജ്വല മൈതാനമണ്ഡലം.
നഗരവാസിഞാൻ കാണ്മിതെന്മുന്നിലാ
നഗവനങ്ങൾ നിറഞ്ഞ നാട്ടിൻപുറം.

ഒഴുകിടുന്നിതെന്നാശപോൽ കുന്നിനെ-
ത്തഴുകിടും കളിർനീരണിച്ചോലകൾ!

Digitized By Kerala Sahitya Akademi

കളകളങ്ങളുതിർന്നുതിർന്നുന്മദ-
പുളകിതങ്ങളാം മാമരത്തോപ്പുകൾ.
വിവിധചിത്രപതംഗകാശ്ലേഷിത-
വിവശകൾ, പുഷ്പിതാലോലവല്ലികൾ!
അനുപമോത്തമഗ്രാമമേ, ഹന്ത, നി-
ന്നരികിലേയ്ക്കു കുതിക്കുന്നു മന്മനം!

3

അവിടെ,യപ്പുഴ വക്കത്തു, പൂനിലാ-
വൊഴുകുമോരോ ശിശിരനിശകളിൽ
സിതമനോഹരച്ഛായയൊന്നിപ്പൊഴും
പതിവായ് വന്നലഞ്ഞീടുമാറില്ലയോ?
പരിസരങ്ങളിൽ സ്വപ്നപങ്ങ്ളോദിത-
പരിമളമിളംകാററിൽത്തുളുമ്പവെ,
അവിടമാകെ, യൊരേകാഗ്രശാന്തിയാ-
ലവിഭജിത മൌനാങ്കിതമാകവെ,
തരുനിരകൾതൻ നീലനിഴലുകൾ
തഴകിടു മത്തടിനീതടങ്ങളിൽ,
അലതുളുമ്പുമാറില്ലയോ പാതിര-
യ്ക്കുവിടെയിന്നു മൊരവ്യക്തഗദ്ഗദം?
അരനിമേഷമതോർക്കുമ്പൊഴിപ്പൊഴു-
മരുതെനിക്കെൻെറ കണ്ണീരടക്കുവാൻ!

4

കരുതി ശൈശവത്തിങ്ക, ലെൻ യൌവനം
കനക കാന്തി കലന്നതാണെന്നു ഞാൻ.

Digitized By Kerala Sahitya Akademi

അന്തനിമേഷകം പ്രാർത്ഥിച്ചു ഞാനതിൻ
പ്രണയദീപ്തമാം ദിവ്യാഗമോത്സവം.
അനശയത്തിനധീനനായിന്നിതാ
മനമുരുകി ഞാൻ കേഴുന്നു നിഷ്ഫലം.

പുകളുമുന്നത വിദ്യയും വിത്തവും
പുണരുവാൻ നില്ക്കുമിപ്പുതുജീവിതം
മതിമതി, യെനിക്കാവശ്യമില്ലയീ
മണിമയോജ്ജ്വലമേടയും മോടിയും!

തിരികെയൊന്നിനിച്ചെന്നു ചേർന്നെങ്കി,ലെൻ
തിരികൊളുത്താത്ത പുല്ലുമാടത്തിൽ ഞാൻ!
അതിനകത്തിരുൾ മാത്രമാണെങ്കിലെ-
ന്തവിടെയാണെൻ്റെ തങ്കക്കിനാവുകൾ!

ഇവിടെ,യെൻചുററു, മീവിദ്യുതാഭയി-
ലിളകിടുന്നതോ രക്തരക്ഷസ്സുകൾ!
കുസുമതല്പമ,ങ്ങില്ലിങ്ങുറക്ക; മ-
ക്കുടിലിനുള്ളിലെ വയ്ക്കോൽ വിരിപ്പിലോ,

സുരഭിലസ്വപ്നസാന്ദ്രമാം സുന്ദര-
സുഖസുഷുപ്തിതൻ സായുജ്യസംഗമം!
മതിയെനി,യ്ക്കിനിപ്പോകട്ടെ വീണ്ടുമെൻ
മഹിമതീണ്ടാത്ത മൺകുടിലിങ്കൽ ഞാൻ!

5

കഴിവതെന്തിനി, പ്പൊട്ടില്ലൊരിക്കലും
കഴലിലേന്തുമിച്ചങ്ങലച്ചുററുകൾ.

Digitized By Kerala Sahitya Akademi

അകലെ, നീലവിശാല ഗഗനവും
അടവികളണിക്കുന്നും മലകളും,

വെറുതെയോർത്തോർത്തു കാഞ്ചനക്കൂട്ടിലായ്
ചിറകടിക്കും പതത്രിപോലാണു ഞാൻ !

കവിയുമുല്ലാസവായ്പി,ലെൻ മുന്നില-
ക്കവിത കാണിച്ച കാല്യപ്രകാശമേ !

വരികയില്ലിനിനീയു, മെൻജീവനിൽ-
പ്പരിമളം പെയ്യുകന്ന പൂക്കാലമേ !

നിയതമെന്നെപ്പിരിയാതെ നിന്നിതെൻ
നിഴലുപോ, ലെൻകളിത്തോഴിയായി നീ !

ദിനശതങ്ങൾതൻ കോവണിത്തട്ടുകൾ
ജനിതഗർവ്വം ചവുട്ടിക്കതിച്ചു ഞാൻ,

നവനവോൽക്കർഷമണ്ഡലത്തിങ്കലേ-
യ്ക്കുവസരോചിതം നിഷ്ക്രമിച്ചീടവേ,

അടിയിലാലംബമററുനിന്നന്നു നീ
കുടുകുടെപ്പെയ്യുകണ്ണീർക്കണികകൾ,

ഒരുഞൊടിയൊന്നു നോക്കുവാനെങ്കിലും
ഭരിതഗർവ്വൻ, തലതിരിച്ചില്ല ഞാൻ !

ഇവിടെയിത്തുംഗസോപാനമേറി ഞാ-
നവശനായ്നിന്നു കീഴോട്ടുനോക്കവേ,

സകലവും ശൂന്യ, മില്ല നീ,—യെന്മനം
തകരുമാറെന്നെ വിട്ടെങ്ങൊളിച്ചു നീ ?

അവിടെ നീ നിന്ന മണ്ണിൽപ്പതിഞ്ഞൊര-
പ്പവിഴരേഖകൾ, നിൻപാദമുദ്രകൾ,

Digitized By Kerala Sahitya Akademi

ഇവിടെനിന്നു ഞാൻ കാൺമു, നിന്നശ്രുവാ-
ലവിടമാകെക്കുതിൎന്നുപോയെങ്കിലും!
പ്രണയപൂൎവ്വമവയെത്തഴുകുവാൻ
വ്രണിതമെന്മനം വെമ്പിക്കുതിയ്ക്കയാം!

6

അനുശയത്തിനു മത്ഃമി,ല്ലെൻമന-
സ്സനവധിപ്പീലഹങ്കരിച്ചീടുവാൻ!
മറവിമാത്രം, മരവിച്ചുപോം വെറും
മറവിമാത്രം, ജയിയ്ക്കുന്നു ഭൂമിയിൽ!
അതിനഗാധമാം ഗൎത്തമുണ്ടോ,നതി-
ലടിയണു മേതൊരത്ഭുതസിദ്ധിയും.
പ്രതിവിധിയില്ലതിനു, നാമൊന്നുപോൽ
പ്രതിനിമേഷം മറക്കപ്പെടുന്നവർ!
ഒടുവിലോള മെനിയ്ക്കു നിന്നോൎമ്മയി-
ലടയിരിയ്ക്കുവാനെങ്കില്വ മൊക്കുകിൽ,
ഇനി യൊരിയ്ക്കലും നിൻ ദുരന്തത്തെയോ-
ൎത്തൻ്ചിതാൎത്തിക്കധീനനാവില്ല ഞാൻ!

Digitized By Kerala Sahitya Akademi

# 3. വെളിച്ചത്തിന്റെ മുമ്പിൽ.

1

അന്തമില്ലാതെനിക്കു ചുററുമാ-
യന്ധകാരം പരക്കവെ,
വിണ്ണിൽനിന്നു, മെൻ മൺകുടിലിൽ, നീ
വന്നുചേർന്നു വെളിച്ചമേ!

2

താവകാഗമരോമഹർഷങ്ങൾ
താവിത്താവിയെൻ ജീവിതം,
സാവധാനം ലയിക്കയാ, യൊരു
പാവനോന്മാദ മൂർച്ഛയിൽ.
സ്വർഗ്ഗദീപ്തിയിലുജ്ജ്വലിച്ചിതാ-
സ്വപ്നരംഗം മുഴുവനും!

3

നിന്നരികിൽ വികാരമൂകയായ്
നിന്നിടുമെൻ നിറുകയിൽ,
വെമ്പിവെമ്പിപ്പൊഴിച്ചു നീ, യോരോ
ചുംബന മലർ മൊട്ടുകൾ!
മാനസത്തിൻ നിഗൂഢമാം ചില
കോണിലും കൂടി, യക്ഷണം
സഞ്ചരിച്ചിതജ്ഞാതമാമേതോ
സംഗീതത്തിൻ ലഹരികൾ!


Digitized By Kerala Sahitya Akademi

4

നിത്യത തന്നപാരതയിലേ-
യ്ക്കെത്തി നിൻകൈ പിടിച്ചു ഞാൻ.
വിസ്മൃതിയുടെ മഞ്ഞു മൂടലിൽ
വിട്ടു ഞാനെൻ സമസ്തവും!
മാമകാശകൾ നൃത്തമാടിയ
മായികോത്സവവേദികൾ,
സർവ്വവും കൈവെടിഞ്ഞു, വിസ്തൃത
നിർവൃതിയുടെ വീഥിയിൽ,
എത്തിയപ്പോഴേയ്ക്കെൻയഥാർത്ഥമാം
സത്തയെന്തെന്നറിഞ്ഞു ഞാൻ!

5

നശ്വരാഡംബരങ്ങൾ നീങ്ങി, യെൻ
നഗ്നസത്യം തെളിയവെ;
നിന്നെയെന്നില്ല, മെന്നെനിന്നില്ല-
മൊന്നുപോൽ ചേർന്നുകണ്ടു ഞാൻ!
നിന്നിൽനിന്നുമകന്നു, പിന്നെയും
നിന്നിൽ വീണു ലയി, ച്ചിദം,
നിൽപോരുജലബിന്ദുവല്ലീഞാൻ
നിത്യതേജഃസ്സമുദ്രമേ!!

6

മണ്ണിൽ നിന്നറിയാതെ ചേർന്നതാ-
മെന്നിലെപ്പങ്കമൊക്കയും,

Digitized By Kerala Sahitya Akademi

മണ്ണിൽത്തന്നെ വെടിഞ്ഞു ശുദ്ധമാം
നിന്നിൽവീണ്ടും ലയിപ്പൂഞാൻ !

ഈവിയോഗ സമാഗമങ്ങളാൽ
ജീവിതവും മരണവും,

കാഴ്ച വെയ്ക്കുന്നു, രണ്ടുഗാന, മെൻ
കാൽത്തളിരിലെന്നെന്നുമേ !

ഒന്നു ശോകാകലാർദ്ര, മവ്യക്ത-
മൊന്നതിസ്പഷ്ടമാദകം !

ഒന്നു മായികം, നശ്വരം, ഹാ, മ-
റെറാന്നു സത്യ, മനശ്വരം !

വിശ്വരംഗത്തിൽ നിന്നെമാത്രം ഞാൻ
വിശ്വസിപ്പൂ, മരണമേ !!

7

കാല ദേശങ്ങൾക്കപ്പുറം, നിൻെറ
ലോല സംഗീത നിർഝരം
പുഞ്ചിരിപ്പൊൻതിരകൾമേളിച്ചു
സഞ്ചരിപ്പൂ നിരന്തരം !
ജീവഹർഷനിദാനമേ, ലോക-
ഭാവനകൾക്കതീതമേ !–
അന്തമില്ലാതെനിക്കു ചുററുമാ-
യന്ധകാരം പരക്കവേ;
എന്നിൽ നിന്നെന്നെ നീക്കി, ഞാനായ
നിന്നെ, നിന്നോടു ചേർപ്പാൻ
വിണ്ണിൽ നിന്നു, മെൻ മൺ കുടിലിൽ, നീ
വന്നുചേർന്നു, വെളിച്ചമേ !!

Digitized By Kerala Sahitya Akademi

# 4. പാപത്തിൻെറ പുഷ്പങ്ങൾ.

മുക്തിമൊട്ടിട്ടൊരെൻ മുററത്തണഞ്ഞു, നിൻ
രക്തക്കൊടിയുമായ് നില്പുനീ, പാപമേ!
ലോകം വിറച്ചു നിന്നാധിപത്യത്തിൻെറ
ഭീകരതാപത്തിൽ, ഭയന്നീല തീരെഞാൻ.
നിൻതുറുകണ്ണിൽ നിന്നാളീപ്പുറത്തേയ്ക്കു
ചെന്തീപ്പടപ്പിൻെറ ചഞ്ചലജ്വാലകൾ.
മണ്ണിലിതളററുവീണു തെരുതെരെ
നിന്നാഗമത്തിൽ, കുളിരിളംതാരകൾ.
വൃക്ഷങ്ങളാകെ ക്കരിഞ്ഞുനിന്നുഗ്രമാ-
മക്ഷിപാതത്തിൽ,ത്തെറിച്ചുപോയ് കന്ദകൾ!
വിശ്വംശപിച്ചു; ഹാ, നിന്നെ,—ഞാനോ,നിൻെറ
വിശ്വസ്തമിത്രമായ് നിൻമുന്നിൽ നില്പിതാ!

കെട്ടിപ്പിടിക്കട്ടെ നിന്നെഞാൻ പേർത്തു,മെ-
ന്നിഷ്ടസഖാവേ, മറന്നതെന്തെന്നെനീ?
ലോകംവിറയ്ക്കുന്നു നിന്നെ നോക്കാൻപോലു-
മാകാതെ,—ഞാനിതാ ചുംബിപ്പു നിൻമുഖം!
പോരനിൻ മദ്യം കുടിച്ചതെനിക്കു, നീ
ചോരുന്ന തമസ്സിൻ പ്രിയദസന്താനമേ!
എൻമനംനോവുന്നു—മിത്ഥ്യയാണൊക്കെയും
നിൻമദ്യമൊന്നേയഥാർത്ഥമെൻ ദൃഷ്ടിയിൽ.

Digitized By Kerala Sahitya Akademi

പിന്നാലെപാഞ്ഞിട്ടു കിട്ടാത്തൊരായിരം
പൊന്നിൻ കിനാക്കളും രോമഹർഷങ്ങളും,
എന്നൊത്തിരക്കി വരികയാണിങ്ങു, നീ-
യെന്നടുത്തേവം വിരുന്നിനണകയാൽ!
പോകായ്ക, പോകായ്ക, ശാശ്വതമാകട്ടെ
ലോകം കൊതിക്കുമിസ്വപ്നശതങ്ങൾ ഞാൻ!

ഭഗ്നാശതയിലടിഞ്ഞൊരെൻ മൌലിയിൽ
രത്നകോടീരമെടുത്തു ചൂടിപ്പു നീ.
കഷ്ടം, പ്രകൃതിതൻ കാൽക്കലടിമയായ്
കെട്ടിപ്പിടിച്ചിത്രനാളും കരഞ്ഞു ഞാൻ;
ആത്താനുകമ്പം കരാംഗുലിനീട്ടി,യെ-
ന്നാത്മക്ഷതങ്ങളെളാന്നൊപ്പിയുണക്കുവാൻ!
നിഷ്ഫലം—മൂഢൻ മനുഷ്യൻ!—പ്രകൃതിതൻ
നിർദ്ദയത്വംകണ്ടു നൈരാശ്യമായിമേ.
ഞാൻ പകവീട്ടും!—വരൂ, നിനക്കെൻെറ വെൺ
ചാമ്പലിൽക്കൂടിച്ചിരിക്കാം—ജയിപ്പു നീ!

നിൻചെങ്കൊടിക്കു നിറപ്പകിട്ടേററുവാൻ
നെഞ്ചിതിൽ ചെഞ്ചോരബാക്കിയുണ്ടിപ്പൊഴും.
എന്നെ നീയേററുവാങ്ങിക്കൂ—ജഗത്തിൻെറ
നിന്ദയെത്തീരെത്തൃണവൽഗണിപ്പൂ ഞാൻ!
നീയെൻെറ മിത്രം—നിനക്കു സാധിക്കുമെൻ
നീറും മനസ്സിലമൃതം തളിക്കുവാൻ!

Digitized By Kerala Sahitya Akademi

പാപമേ, നീയെനിക്കേകു,നിൻ കൈയിലെ-
പ്പാഷാണ പുഷ്പങ്ങൾ, മാലകോർക്കട്ടെ ഞാൻ !
എന്നി,ട്ടതും ചാർത്തിനിന്നു, ലോകത്തോടു
ചൊന്നിടും നിൻപേരി,ലെൻ നന്ദിവാക്കുകൾ.

"എല്ലാരുമെന്നെ വെടിഞ്ഞു നിശിതമാ-
മല്ലി,ലെന്നാലും തളന്നുവീണില്ലഞാൻ.
കണ്ടകം പാകീ വഴിക്കൊക്കെ,യെങ്കിലും
കൊണ്ടില്ലതിലൊന്നുപോലുമെൻ കാൽകളിൽ.
നിങ്ങളെക്കാളുമെളുപ്പം, സുഖമായി,
നിങ്ങളെത്തുംമുൻപു ലക്ഷ്യത്തിലെത്തിഞാൻ.
പോകട്ടെ ഞാനിനി, പ്പശ്ചാത്തപിക്കാത്ത
ലോകമേ, പാപം ജയിപ്പൂ !—വിജയിഞാൻ !

—:o:—

## 5. മായാചിത്രം.

അത്തപ്പൂവിട്ടപ്പോൾ "കുട്ട"ൻെറ കണ്ണില-
ന്നശ്രുകണികയൊന്നങ്കുരിച്ചു !—
ചിററാടപ്പൂക്കളെക്കങ്കുമപ്പൊട്ടിട്ടാ
മുററം കുളുർക്കെച്ചിരിച്ചുനിന്നു.
നീരാടിയെത്തിയോരമ്മയ്ക്കാ ദ്വാദശീ
പാരണാതീർത്ഥം പകന്നശേഷം

Digitized By Kerala Sahitya Akademi

ഉള്ളം കളിത്തുനിന്നക്കൽത്തറയിലെ
വെള്ളത്തുളസി തലകലുക്കി.

അപ്പൂവിടൽ കാണാൻ വെമ്പിപ്പുകാററിലൊ-
'രപ്പൂപ്പൻതാടി'യിറങ്ങിയെത്തി.

പൊന്നൊലിക്കുന്നോരിളവെയ്‌ലിൽ, മുററത്തെ
മന്ദാരത്തയ്യിൻ തലയ്ക്കുചുററും,

കൊന്നപ്പൂന്തൊത്തുകൾ പോലെഴും,രണ്ടിളം
മഞ്ഞപ്പൂമ്പാററ പറന്നുപാറി.

മുററത്തു, മമ്മതൻ മുഗ്ദ്ധമനസ്സിലും
മുത്തിട്ട പൂവിടൽകൊണ്ടു കുട്ടൻ.

ഈറൻ പകർന്നിടാതോമനപ്പുത്രനെ
വാരിയെടുത്തമ്മയുമ്മ വെച്ചു.

ഹൃത്തിൽ തുളുമ്പുന്നൊരാഹ്ലാദവായ്പിനെ-
പ്പൊട്ടിച്ചിരിയിൽപ്പകർത്തി ബാലൻ.

എന്നാലു, മാമനം സീമാതീതോന്മദ-
ത്തുന്ദിലമാകില്ല, മെന്തുകൊണ്ടോ,

വള്ളിക്കറുകതൻ പച്ചിലത്തുമ്പിലെ-
ച്ചില്ലൊളിത്തുമഞ്ഞു തുള്ളിപോലെ,

അപ്പോഴും കുട്ടൻെറ കഞ്ഞിക്കടക്കണ്ണി-
ലശ്രുകണികയൊന്നങ്കുരിച്ചു !!

* * *

ഓണപ്പുടവയുടുത്തും, വിഷുവിൻെറ
നാണയത്തുട്ടിൽ മിഴികുളിത്തും,

Digitized By Kerala Sahitya Akademi

കുട്ടൻെറ കൺമുന്നിലോരോ പുതുമകൾ
മൊട്ടിട്ടു മൊട്ടിട്ടണിനിരന്നു.
കാണുന്നതെന്തിലും കാഞ്ചനസ്വപ്നങ്ങൾ
കാണുന്നതാണല്ലോ ബാല്യകാലം !
അസ്ഥികൾ മണ്ണിൽ മറച്ചും, മുലപ്പാലി-
നെപ്പൊഴും പുത്തനുറവു ചേർത്തും,
കാണുന്നതോരോന്നായ് കാണാതെയാക്കിയും
കാണാത്തതോരോന്നു കാട്ടിത്തന്നും,
കാലിനുളുക്കൊരു കാലവും തട്ടാത്ത
കാലം മുന്നോട്ടു കുതിച്ചു പോയി !
വേനലിൻ തപ്തോഗ്രഹോമവും, മഞ്ഞിൻെറ
പൂനിലാപ്പൈമ്പാലഭിഷേകവും,
വർഷത്തിൻ "ധാരയും" സ്വീകരിച്ചങ്ങനെ
ഹർഷാർദ്രയായ്നിന്നു ഭൂമിദേവി !
തൈച്ചെടിവൃക്ഷമായ്, വൃക്ഷംപൊടിമണ്ണായ്
വിശ്രമിതന്നത്തെ തന്നെയിന്നും !!

* * *

കുട്ടനൊരച്ഛനാ, ണച്ഛനാം കുട്ടൻെറ
കുട്ടു, നാ മുററത്തനുല്ലസിപ്പൂ.
പണ്ടത്തെക്കുട്ടൻെറ പാഴോല വീടില്ല
കണ്ടിടാ, നിന്നതു രമ്യഹർമ്മ്യം !
ചിററാടപ്പൂക്കളെക്കുങ്കുമപ്പൊട്ടിട്ടാ
മുററമതന്നും ചിരിച്ചു നിന്നു.

Digitized By Kerala Sahitya Akademi

ഈറനായ് കൈകൂപ്പും ഭക്തികാദമ്പാദശീ-
പാരണാതീർത്ഥം പകർന്നശേഷം,

ഉള്ളം കളിർത്തു തലകലുക്കാനൊരു
വെള്ളത്തുളസിയിന്നില്ലവിടെ!

മോടിയിൽ, കുഞ്ഞിൻെറ മാതാവകത്തെങ്ങോ
"റേഡിയോ" കേട്ടു രസിച്ചിരുന്നു.

പൂവിടും കുട്ടനെപ്പുല്കിയിലെന്നല്ലവൾ
പൂവിടൽക്രീഡിയും കണ്ടതില്ല.

അച്ഛനാം കുട്ടൻെറ കണ്ണിലെന്നാലന്നു-
മശ്രുകണികയൊന്നങ്കുരിച്ചു!

തങ്കത്തടിൽക്കൊടിച്ചാർത്തുപോ, ലച്ഛിത്ത-
സങ്കല്പത്തിൻെറ വിശാലതയിൽ
പോയ്പ്പോയൊരായിരം നാളിന്നു പിന്നിലൊ-
രത്ഭുത ചിത്രമുയർന്നു വന്നു!!

* * *

ചിറകുണ്ടോരോല നിവർന്ന നെൽപ്പാടത്തു
ചിററാടപ്പൂക്കുന്ന ചിങ്ങമാസം.

കുട്ടനും, "കൊച്ചമ്മുക്കുട്ടി"യു, മോണപ്പൂ
നട്ടുച്ച വെയ്‌ലിൽ പറിച്ചു നിൽപൂ.

ഒന്നിച്ചു ചേർന്നതാം രണ്ടു പിഞ്ചാത്മാക്ക-
ളന്നൂന നിർവൃതിയാസ്വദിപ്പൂ!

കാട്ടിലും മേട്ടിലു മോടിക്കിതച്ചിട്ടും
വാട്ടം വരാത്ത കുതൂഹലവും.



Digitized By Kerala Sahitya Akademi

തീവെയ്ലുവാട്ടിക്കരിച്ചിട്ടും, വെൺചാമ്പ-
ലാവാതെമിന്നു മുല്ലാസവായ്പും,
ഒന്നിച്ചുചേർ,ന്നവരൊന്നിച്ചു പൂവിട്ട-
പ്പൊന്നോണനാളിനെ സ്സൽക്കരിപ്പൂ!

കൊച്ചമ്മുക്കുട്ടിക്കു "ചേച്ചി"യോടൊത്തൊരു
കൊച്ചേട്ടനെക്കൂടിക്കിട്ടിയന്നാൾ
താലംപിടിച്ചെതിരേററു, കൊച്ചേട്ടനെ-
ച്ചെലിലപ്പന്തലിലാനയിക്കെ,
"ഏതാനും കൊല്ലംകഴി,ഞ്ഞിതേരംഗത്തിൽ
നീതയായ് ഞാനും വരുന്നനാളിൽ,
ആരാകാമന്നത്തെത്താലം പിടിക്കുന്ന
'ശാരി'തൻ 'കൊച്ചേട്ട'നാക്കറിയാം ?......"
ബാലതൻപിഞ്ചുമനസ്സിൽക്കിളന്നൊരു
മൂലയി,ലാരംഗോത്തേ,ജനത്തിൽ,
ലോലമാ,യിച്ചിന്ത ലോകമറിയാതെ
ന്തുലിട്ടിരുന്നില്ലെന്നാരുകണ്ടു ?.. .......

നാളുകൾപോയി, നഭസ്സിൽ തുലാത്തിലെ-
ക്കാളാംബുദങ്ങളടിഞ്ഞുകൂടി.
തുള്ളിക്കൊരുകുടം പെയ്യെത്തി,പ്പേക്കോലം
തുള്ളിയലറിയിരുണ്ടരാക്കൾ:
പിച്ചുപുലമ്പും വിറപ്പനിക്കോളിലും
കൊച്ചമ്മുക്കുട്ടിയിതുച്ചരിപ്പൂ :—
"ഓണപ്പൂതടണ്ടേ പോവണ്ടേ നമ്മൾക്കെ-
ന്നോമനക്കുട്ടനിന്നെങ്ങുപോയി ?"

Digitized By Kerala Sahitya Akademi

അമ്മയും, കൊച്ചമ്മുക്കുട്ടിതന്നമ്മയും
കണ്ണീർത്തുളുമ്പുമക്കൺമുനയാൽ,
അന്യോന്യമാശ്ലേഷംചെയ്യേ, യെന്താണാവോ
കണ്ണീർപൊടിഞ്ഞു കുട്ടൻെറകണ്ണിൽ !

ആത്തണഞ്ഞെത്തിയില്ലക്കൊല്ലമാവീട്ടിൽ
പൂത്തിരുവാതിര, യെന്തുകൊണ്ടോ
കണ്ണീർപൊടിഞ്ഞ മിഴികളാലങ്ങാട്ടേ-
യ്ക്കൊന്നെത്തിനോക്കിയും കൂടിയില്ല
സങ്കടമല്ലേ,യാരല്ലെങ്കിൽ നോക്കു,മ-
പ്പൈങ്കിളിപൊയ്പോയപഞ്ജരത്തെ !...

* * *

പിന്നത്തെക്കൊല്ലത്തിലോണപ്പൂവിട്ടപ്പോഠം
കണ്ണീർപൊടിഞ്ഞു കുട്ടൻെറകണ്ണിൽ.
ചിററാടപൂക്കുന്ന ചിങ്ങംപിറക്കുമ്പോഠം
കുട്ടൻെറ ചിത്തം തകർന്നിതെന്നും !......

* * *

അച്ഛനാമിന്നത്തെക്കുട്ടൻെറകണ്ണില-
മശ്രുനിറയ്ക്കുന്നിതോണപ്പൂക്കഠം......
അമ്മയെ,യമ്മുവെ,ഞാനല്ലകാലമെ-
ന്നെമ്മട്ടിൽത്താനേവമകനായി ?
ഏകനോ?—രണ്ടിളംമഞ്ഞപ്പൂമ്പാററകഠം
പോകുന്നു വട്ടമിട്ടാവെയിലിൽ !
ഏകനോ?—ജീവനാം തൻമകൻമുററത്തു
നാകംരചിക്കുന്നു പൂവിടലാൽ !

Digitized By Kerala Sahitya Akademi

പാടുന്നു റേഡിയോ!...ചങ്ങലക്കട്ടിലി-
ലാടികൊണ്ടോമലാളല്ലസിപ്പൂ!
ഏകനോ?—ദൂരെ, ച്ചിറകുരുമ്മിത്തത്തി-
പ്പോകുന്നു, ഹാ, രണ്ടരിപ്പിറാക്കൾ!
പേനയെഴുംവലംകൈയാൽത്തലതാങ്ങി-
ട്ടീനനായ് മേവുകയാണു കുട്ടൻ!
പെട്ടെന്നാക്കണ്ണിലെ മുത്തൊന്നുതാഴത്തെ
പ്പട്ടുവിരിപ്പിലടർന്നുവീണു!!......

* * *

അന്ത്യനിമേഷങ്ങൾ ശ്വാസംപിടിച്ചുകൊ-
ണ്ടന്തികത്തങ്ങനെ നിന്നിടുമ്പോൾ,
കർമ്മബന്ധത്തിൻശലാകയിലററത്തെ
ക്കണ്ണിയുമററിടാറായിടുമ്പോൾ,
കൊച്ചുമ്മുക്കുട്ടിയും, ചിററാടപ്പൂക്കളും,
പച്ചനെൽപ്പാടവു,മുച്ചവെയ്‌ലും,
പാരണാതീർത്ഥത്തിനെത്തുന്നോരമ്മയും,
ചാരുവാം വെള്ളത്തുളസിയെയും,
ആ രണ്ടുമഞ്ഞപ്പൂമ്പാററയും, റേഡിയോ
ധാരയായ് പെയ്യുന്ന സംഗീതവും,
തമ്മിൽച്ചിറകുരുമ്മീടുമപ്പ്രാക്കളും,
തൻമകൻ നിർമ്മിക്കും പൂക്കളേവും,
പണ്ടെന്നോ, താനെങ്ങോ, പെട്ടെന്നൊരുനോക്കു
കണ്ടോരജ്ഞാതസുഹൃത്തു,മെല്ലാം;
ഒന്നൊന്നായ് വേറിട്ടനുക്രമമായിട്ടു-
മൊന്നിച്ചുചേർന്നു, മൊരുഞൊടിയിൽ,

Digitized By Kerala Sahitya Akademi

വിങ്ങുമപ്രാണൻെറ വിള്ളലോരോന്നിലും
നിന്നുയലാടില്ലെന്നാരുകണ്ടു ?
മററൊരുലോകമുണ്ടെങ്കി,ലിനിയങ്ങും
ചിററാടപൂക്കില്ലെന്നാരറിഞ്ഞു ?......
ആ ലോകത്തിപ്പൊഴും ചിററാടപൂക്കുമ്പോൾ
നീലക്കൺകോണിൽ ജലംതുളുമ്പി,
തൻകളിത്തോഴനെ കാത്തിരുന്നൊററയ്ക്കു-
ത്തങ്കക്കിനാവു തപിക്കയാകാം !
മായുംനിഴലെല്ലാം മററൊരുലോകത്തിൽ
മായാത്തരശ്മിയായ് മാറിയേക്കാം
ആവില്ലതീർത്തോതാനാക്കുമേ—ശാശ്വത-
ജീവരഹസ്യങ്ങളാക്കറിയാം ?......

———:o:———

## 6. ആത്മഖേദം.

അന്നത്തെദിനത്തിൻെറയന്ത്യനിശ്വാസംകേട്ടി-
ട്ടന്തരമണുപോലും കണ്ടീല ഞാനീമണ്ണിൽ.
ചരമാബ്ധിയിൽത്താണ വാസരേശനു വേണ്ടി-
ക്കരയാനുണ്ടായീല കൊച്ചുപുൽക്കൊടിപോലും.
മാമല മാററീലതിൻമൂകത; നീരാഴിതൻ
ഭീമഗർജ്ജനഘോഷമല്പവുമടങ്ങീല.
പ്രേമപാത്രത്തെത്തേടിയങ്ങിങ്ങായലഞ്ഞിതാ
മാമരക്കാവുതോറും മന്ദനാംമണിത്തെന്നൽ.

Digitized By Kerala Sahitya Akademi

ശ്യാമനീലാഭാംബരത്താമരത്തടാകത്തിൽ
പൂമൊട്ടു മന്ദംമന്ദമോരോന്നായ് വികസിച്ചു.
തെളിഞ്ഞു ശശിലേഖ,യെങ്കില്ല,മെന്നുൾത്താരിൽ
കിളന്നീലൊരു കൊച്ചുകൌമുദീനാളംപോലും!

II

വിജനശ്മശാനത്തിൻവിരിമാറിടം, രാഗ-
ഭജനത്തിനായെനിക്കവശേഷിപ്പൂ,മൂകം.
തരുണാരുണൻ വീണ്ടുമെത്തിടാം—പക്ഷേ,യെനി-
ക്കൊരു തീരാത്തകൊട്ടും രാത്രിമാത്രമേയുള്ളൂ;
ആറടിപ്പൊടിമണ്ണിലെന്നാശാലതയിപ്പോ-
ളാഴക്കു വെൺചാമ്പലായ് വീണടിഞ്ഞിരിക്കണം.
സത്യസൌന്ദര്യത്തിൻെറ നാമ്പിലൊന്നിന്നേവരെ
നിത്യതപ്പൂങ്കാവിങ്കൽനിന്നു ഞാനറുത്തീല.
ഒരു വാർമഴവില്ലിലെൻെറ സൌഭാഗ്യാസവം
ചൊരിയാനൊരുമ്പെട്ടൊരീശ്വരൻ, ജയിക്കട്ടെ!

III

വസുധാംഗനയാൾതൻ താരുണ്യം, വർഷംതോറും
വസന്താഗമത്തിങ്കൽ നൂതനമായേ തീരൂ.
അംബരാരാമത്തിങ്കലമ്പിളിക്കരുന്നുക-
ണ്ടംബുധിരോമാഞ്ചമാർന്നാനന്ദനൃത്തംചെയ്യും.
വിണ്ടലംവിളക്കുമ്പോൾ തണ്ടലർ വിടർന്നീടും
വണ്ടു പാടീടുംനേരം ചെണ്ടുപുഞ്ചിരിക്കൊള്ളും.

Digitized By Kerala Sahitya Akademi

നിത്യശാന്തിയിലെല്ലാം ലാലസിക്കുമ്പോ;ളെന്റെ
തപ്തബാഷ്പാംബുമാത്രം വററിടാതൊഴുകിപ്പോം!
സർവ്വവുംസന്തോഷത്താൽ കോൾമയിർക്കൊള്ളുമ്പോൾ
ദ്ദുർവ്വിധിപ്പുകക്കാട്ടിൽ വീർപ്പുമുട്ടണംപോലും!! [ഞാൻ

## IV

മരവിപ്പിച്ചീലെത്ര വാചാലജിഹ്വാഞ്ചലം
മരണം, മന്ത്രം മന്ത്രിച്ചീടുന്ന മായാമന്ത്രം!
ഒരു കാററടിക്കുമ്പോളെത്രവെൺമലരുകൾ
വിറകൊണ്ടിതളററുവീഴുകില്ലയ്യോ, മണ്ണിൽ!
എത്രയോ മിന്നൽക്കൊടിയിന്നോളം മറഞ്ഞതി-
ല്ലെത്രനീർക്കുമിളകൾ കിളർന്നുതകർന്നീല!
പ്രേമസൌരഭ്യംവാർന്ന തപ്തനിശ്വാസം കഷ്ടം
തൂമണിക്കുളിർകാററിലെത്ര ചേർന്നലിഞ്ഞീല!

## V

ഉത്തരംപറയാത്ത കാലത്തോടവയെല്ലാം
വ്യർത്ഥമായ് ചോദിക്കുവതെന്തിനെൻ ഹൃദയമേ?
നിത്യശക്തിതന്നോരോ ലീലാഭേദങ്ങൾതാനി-
ച്ചിത്രങ്ങൾവീണ്ടുംവീണ്ടും മായ്ക്കലുംവരയ്ക്കലും!
ഇക്കൊട്ടുംചുടുകാട്ടിൻ വരണ്ടമണ്ണിൽതന്നെ-
പുക്കുവിശ്രമിക്കുകെൻ കണ്ണുനീർക്കണങ്ങളെ!
മായയല്ലതെളിയലാ,ണല്ലെങ്കിൽ, പണ്ടേതന്നെ
'മായ',യെന്നൊരുപദം മാനുഷൻമറന്നേനേ!...

——:o:——

Digitized By Kerala Sahitya Akademi

# 7. മങ്ങിയ കിരണങ്ങൾ.

പ്രിയകരമായുള്ള താകമാനം
സ്വയമൊഴിഞ്ഞോരോന്നകന്നുപോയി.
അവയെക്കുറിച്ചുള്ളോരോർമ്മപോലു-
മസഹനീയാൽക്കടശോകമായി.
എരിപൊരിക്കൊള്ളുമെൻമുന്നി.ലിപ്പോ-
ളിരുളും നിരാശയും മാത്രമായി.
അണയില്ലിനിവീണ്ടുമെന്നരികി-
ലവയിലൊരൊററക്കിനാവുപോലും
സകലവുമൊന്നുചേൎന്നസ്തമിച്ചു,
സകലവുമയ്യോ, വിറങ്ങലിച്ചു!

നിരുപിച്ചിരിക്കാതരഞ്ഞൊടിയി-
ലൊരുകൊച്ചുപൂക്കുററിക്കുള്ളിൽനിന്നും,
പലപലവൎണ്ണത്തിലുള്ളനേകം
ഗുളികപ്പൂപൊട്ടിയുയൎന്നുപൊങ്ങി.
അവയെല്ലാമൊന്നുപോലൊന്നുമിന്നി
ജവമതേമട്ടിൽ പൊലിഞ്ഞുമങ്ങി.
ഒരുവെറുംസ്വപ്നം, മനോഹരമാ-
മൊരുതനിത്തങ്കത്തളുതിളക്കം;
അതുകഴിഞ്ഞിട്ടോ ?—തണുതണുത്ത
ഹതമാമൊരുവെറുമന്ധകാരം.
അവസാനമില്ലിതിനെങ്കി,ലയ്യോ
ശിവനേ,യിതെന്തിൻെറമാനദണ്ഡം ?

Digitized By Kerala Sahitya Akademi

ചിലമന്ദഹാസങ്ങളങ്ങമിങ്ങും
ചിതറിക്കിടന്നവയാകമാനം
കനിവററകാലമേ, നിർഭയംനീ
കരിതേച്ചുകഷ്ടം കളഞ്ഞുവല്ലോ.
അവകളെ ഞാനെൻെറ ജീവിതത്തോ-
ടഴിയാതെ ബന്ധിച്ചതായിരുന്നു.
അലിവെഴാതെന്നിട്ടും, നീയവയെ-
ക്കലിതവിനോദമഴിച്ചുവിട്ടു.

അവയെല്ലാംപോയി-മടങ്ങിവീണ്ടു-
മണയാത്തമട്ടിൽ പറന്നുപോയി.
ഇനിയെന്തുചെയ്യും, ഞാനെങ്ങുപോക-
മിതിൽനിന്നു ഞാനെന്നു മുക്തനാകും ?
നെടുവീർപ്പിൻ പശ്ചാത്തലങ്ങൾതോറും,
ചുടുബാഷ്പചിത്രം വരച്ചുമാച്ചും;
ഇരുളിൽപലപ്പൊഴും നഷ്ടഭാഗ്യ-
സ്മരണയിൽ തോണിതുഴഞ്ഞുഴന്നും;
അവലംബാന്വേഷിഞാനിപ്രകാര-
മവശനായ്‌വാഴണമെത്രകാലം ?

സമുദായവേശ്യതൻ കണ്ണിണയിൽ
സമുദിതമാകുന്ന നക്രബാഷ്പം.
സഹതാപചിഹ്നമായാദരിക്കാൻ
സതതോപദേശം തരുന്നു, ലോകം
അതിൽ ഞാനൊരൽപം ബധിരനായാ-
ലതുകൊണ്ടു മററുള്ളോർക്കെന്തു ചേതം ?



Digitized By Kerala Sahitya Akademi

അമൃതമയോത്സവരംഗ മോരോ-
ന്നമിതാനന്ദമോദം ഞാനാസ്വദിച്ചു;
അവകളിലന്നെൻെറ ഭാവന ക-
ളലസവിഹാരങ്ങളാചരിച്ചു ;
അല,മാ വിഹാരങ്ങൾമൂല,മെന്നി-
ലതുലാനുഭൂതികളങ്കുരിച്ചു;
വിവിധമധുര വികാര. മെന്നിൽ
വിതറിക്കൊ,ണ്ടന്നവയുല്ലസിച്ചു;
അനുപമാകമൊരന്തരീക്ഷ-
മവയെനിക്കന്നൊക്കെത്തന്നിരുന്നു;
അതിലെൻ കമനീയകൗതുകത്തിൻ
മൃദുലസല്ലാപം നടന്നിരുന്നു;
അനുമാത്രമെൻ മനമന്നതിൽനി-
ന്നനഘനിർവാണം നുകൎന്നിരുന്നു;
അതുകൊണ്ടിനിയെന്തുകാര്യ,മിപ്പോ-
ളവയെല്ലാമൊന്നോടൊടുങ്ങിയല്ലോ!

* * *

മൃദുസൌരഭത്തെ;യുൽഫുല്ലപുഷ്പം
ഹൃദയത്തിൽ ചേൎത്തുപിടിച്ചതല്ലേ?
ഫലമെ,ന്തതെന്നിട്ടും ചഞ്ചലമാം
കുളിർകാററിൻ പിന്നാലെ പാഞ്ഞുപോയി.

വ്യതിയാനമെന്തിനും സംഭവിക്കാം
വ്യസനിച്ചിടേണ്ടതില്ലായിരിക്കാം;
ശരിതന്നെ;-ഞാൻ പക്ഷേ കണ്ടമാററം
കരിതേച്ചൊരാവേശമായിരുന്നു.

Digitized By Kerala Sahitya Akademi

അതുകണ്ടൊരാനിമിഷത്തിൽ, ഞാനൊ-
രിടിവെട്ടുകൊണ്ടപോലായിപ്പോയി.
മഹിയിലന്നോളം കഴിഞ്ഞതൊക്കെ
മമചിത്തം പൊട്ടിത്തകൻറുപോയി!

പ്രണയമേ, മന്മനമിത്രമാത്രം
വ്രണപൂർണ്ണമാക്കിനീ തീർത്തുവല്ലൊ!
ഇനിയതിൻസ്പന്ദനംകൂടി നീക്കാൻ
കനിവെന്നിലുണ്ടെങ്കിൽ നോക്കണേനീ
നിശിതനിരാശകൾ ഞെക്കിടുമ്പോൾ
നിലവിളിക്കുന്നുഞാൻ നിസ്സഹായൻ.
അതുകേട്ടലിഞ്ഞെന്നരികിൽനിന്നോ-
രമൃതാംശുപോലുമകന്നുപോയാൽ,
ഇനിയെന്താണുള്ളതെൻതപ്തചിന്ത
മിന്നസപ്പെടുത്തി മിന്നക്കിവെയ്ക്കാൻ?

മഹിയിലാരശ്ശിക്കുവേണമെങ്കിൽ
മമജീവൻപോലും ഞാനേകിയേനേ!—
മരണത്തിൻപിന്നിലും ഞാനൊരോമ-
ന്മധുരാനുഭൂതിയിൽ മുങ്ങിയേനേ!—
അനുമാത്ര ദുഃഖത്തിനായിമാത്ര-
മിനിയതുചിന്തിച്ചിട്ടെന്തുകാര്യം?

ഫലമില്ല;—സർവ്വവും ശൂന്യമായി
വിലയത്തിലൊക്കെയും വീണൊടുങ്ങി.
ഒരുതെററും ചെയ്യാതിരുന്നതെററി-
ന്നരുളിയനീതിതൻ ശിക്ഷപോലെ

Digitized By Kerala Sahitya Akademi

എളിയസുഖത്തിൻ ഗളത്തിലയ്യോ
കൊലമാലയിട്ടു കഴിഞ്ഞു കാലം!
ഹൃദയത്തെപ്പുൽകിയൊരുത്സവങ്ങ-
ളത്തുലങ്ങളോരോരോ വിഭ്രമങ്ങൾ.
ക്ഷണികങ്ങളാണിവയൊക്കെയെങ്കി-
ലിനി, മന്നിലെന്തിനെ വിശ്വസിക്കാം?

അനുപമാദർശമേ, നിൻനിലാവ-
ത്തലിയാം നിനവിൻെറ ചന്ദ്രകാന്തം.
അണുപോലുമൊന്നാലലിഞ്ഞു കാണ്മീ-
ലനുഭവക്ഷിപ്താശ്രുവീഥിയൊന്നും!
ഒരുവെറും സങ്കല്പമാത്രമാം നി-
ന്നരികിലേയ്ക്കുള്ളൊ,രെൻ ദീനയാനം
ഒരു, ചിറകററശലഭിക തൻ
സുരദീപസംഗമോദ്വേഗമായി!

പുളകാങ്കുരങ്ങളെസ്സാക്ഷിനിർത്തി-
പ്പുലരുമായന്നു ഞാൻ കൂട്ടിമുട്ടി.
അവയെല്ലാമിന്നുഗ്രവിസ്മൃതിതൻ
ശവകുടീരത്തിനകത്തടിഞ്ഞു.
അവയന്നെൻജീവിതത്തോടടുത്തോ-
രളവിൽ ഞാൻ മറെറാരാളായിരുന്നു;
മുരളിയെന്നോണ, മെന്നന്തരംഗം
മുഴുവനും സംഗീതമായിരുന്നു!
അരുതതിന്നോർക്കാനസഹ്യ,മയ്യോ
പരിണാമമേ, ഹാ, ഭയങ്കരം നീ!!

Digitized By Kerala Sahitya Akademi

അപജയം, ചുററുമൊരന്ധകാരം
അഖിലവും നാശം—അധഃപതനം!
സകലവുംതീൎന്നു, ഞാൻ മാത്രമായി
സകരുണം ഞാനും, ഹാ, യാത്രയായി.
എവിടെയ്ക്കാണെന്നോ?—സമസ്തവും ചെ-
ന്നെവിടെലയിപ്പൂ,തങ്ങോട്ടുതന്നെ!!......

———:o:———

# 8. അഴലിൻെറ നിഴലിൽ.

പൂത്തുനില്ക്കുന്ന നിലാവിൻനികുഞ്ജത്തിൽ
രാത്രിവന്നാരെയോ കാത്തുനിൽപൂ സഖീ!
ആയിരം പ്രേമവചസ്സുമായെത്തുമാ-
റാരായിരിയ്ക്കുമവളുടെ കാമുകൻ?

വാർമണിത്തെന്നൽ വന്നുമ്മവെച്ചങ്ങതാ
കോൾമയിൎക്കൊള്ളുന്നു ചന്ദനത്തോപ്പുകൾ.
പ്രേമാർദ്രയാമൊരു കിന്നരി കാണുന്ന
കോമളസ്വപ്നശകലങ്ങൾമാതിരി,
ശാരദാകാശത്തിലങ്ങിങ്ങതാകാൺമൂ
നേരിയവെള്ളിവലാഹകമാലകൾ

അസ്വസ്ഥചിത്തഞാ,നെന്നാശപായുന്ന-
തപ്രാപ്യലക്ഷ്യത്തിലായിരിയ്ക്കാം, സഖി!
വേദനിയ്ക്കുന്നമനസ്സിനെ, സ്സാന്ത്വന-
മോതി, സ്വയമൊന്നുറക്കാൻ ശ്രമിപ്പുഞാൻ.

Digitized By Kerala Sahitya Akademi

കഷ്ട, മകാരണ,മെന്നിട്ടതിപ്പൊഴും
ഞെട്ടിത്തെറിച്ചു പിടയ്ക്കുയാണെന്തിനോ!
എങ്കിലും, മന്ദഹസിയ്ക്കുന്നവിണ്ണില-
ത്തിങ്കൾ, കൺചിമ്മിച്ചിരിയ്ക്കുന്ന താരകൾ
രാവിൻെറമൊട്ടിട്ട നീലിച്ചപന്തലിൽ-
ദ്ദേവനൃത്തംചെയ്തുനിൽപ്പൂ മുകിലുകൾ.
എന്നാത്മദുഃഖം പകുത്തുവാങ്ങിയ്ക്കുവാ-
നൊന്നുമില്ലയ്യോ, പരിത്യക്തയാണുഞാൻ!
ആരുമൊട്ടത്തെങ്ങുമില്ലാതെ നില്ക്കുമ-
ത്താരത്തിനെപ്പോൽപ്പരിത്യക്തയാണുഞാൻ!
ഇദ്ദേവനാടകം കണ്ടിട്ടുകൂടിയും
ചിത്തമുണരാഞ്ഞ നിർജ്ജീവയാണുഞാൻ!
ലോകപുഷ്പത്തിൻ ദളങ്ങളല്ലീശ്വര-
നേകിയ,തെന്നാ,ലെനിയ്ക്കതിൻ മുള്ളുകൾ!
ജന്മാന്തരങ്ങൾതൻ പ്രേമപ്രദക്ഷിണ-
കർമ്മത്തിൽ നിത്യോപവാസിനിയാണുഞാൻ!
ഇപ്പഞ്ജരംവിട്ടു ഞാനുയരുമ്പൊഴും
മല്ലാശ്വ,മയ്യോ, വിജനമാണെങ്കിലോ !!...

———:o:———

Digitized By Kerala Sahitya Akademi

# 9. സാന്ത്വനം.

ഇരുൾപോയി, ലോകത്തിലാകമാനം
ഒരുപുതിയചൈതന്യം നൃത്തമാടി.
അവികലകാന്തികലുരുമോരോ
രവികിരണംമന്നിനെത്തൊട്ടുണർത്തി.
മഹിയിൽ,വെറും പുൽക്കൊടികൾപോലും
തുഹിനകണ മാണിക്യമാലചൂടി.
കുളിർകാററണഞ്ഞു മരത്തലപ്പിൽ
കളലളിതമർമ്മരം വാരിവീശി.
കുസുമിതമാകന്ദവാടിതോറും
കുയിലിണകളോരോന്നുണർന്നുപാടി.
കമനീയമാകുമിസ്സുന്മുഹൂർത്തം
കളയരുതേ നിഷ്ഫലം നിങ്ങളാരും!

അഴലിൻ കരിനിഴൽതേഞ്ഞുമാഞ്ഞി-
ട്ടഴകൊഴുകമാനന്ദം വെള്ളവീശി.
കൊട്ടമിരുൾപ്പാറപിളർന്നു, തങ്ക-
ത്തടിനിയതാ കൺമുമ്പിൽ കണ്ടുപോയി.
ഇനിയുമെൻതോഴരേ, നിങ്ങളാരും
മനമുരുകിത്തേങ്ങിക്കരയരുതേ!
ഹൃദയം ദ്രവിപ്പിക്കും രോദനങ്ങൾ
ഇതിലധികം തൂകുവാനില്ല നിങ്ങൾ.
ഇനിയതുകേട്ടു സഹിച്ചിരിക്കാൻ
ഇവനരുതൊരല്പവു,മെന്തുചെയ്യാം!

Digitized By Kerala Sahitya Akademi

സകലമോരോന്നായ് പഴുത്തുവീഴും
സമയമരക്കൊമ്പിലെപ്പച്ചിലകൾ.
പരിചയക്കാർ നമ്മളാകമാനം
പലവഴിയായ്, കഷ്ടം, പിരിഞ്ഞുപോകും.
കഴിയില്ല നമ്മൾക്കിങ്ങേറെനേരം
കലിതരസ, മൊത്തുകഴിഞ്ഞുകൂടാൻ!
അനഘമാ,മാവെറുമല്പനേരം
തുനിയരുതേ നിങ്ങൾ കരഞ്ഞുതീർക്കാൻ!
പരമാർദ്രചിത്തരേ, നിങ്ങളൊന്നെ-
ന്നരികിൽവരൂ, കണ്ണീർ തുടച്ചിടാം ഞാൻ!
വ്യഥയെല്ലാം ദൂരത്തകററിയോരോ
കഥപറയാം, നമ്മൾക്ക പാട്ടുപാടാം.
ക്ഷണികമിജ്ജീവിതം മൃത്യുവിന്നായ്
പ്രണയമയഹാസത്തിൽ മൂടിവയ്ക്കാം.
കരയൽക്കടൽ നീന്തിപ്പുഞ്ചിരിതൻ
കവണരുചിതഞ്ചും കരയ്ക്കുപററി,
അനുകൂലചിന്തകളൊത്തു നമ്മൾ-
ക്കതിസുഖദവിശ്രമമാസ്വാദിയ്ക്കാം!

കരിമുകിലെത്രമേൽമൂടിയാലും
കനകമഴവില്ലുതെളിഞ്ഞുമിന്നും.
പൊരിയും മണൽക്കാട്ടിൽപോലു, മോരോ
പരിലളിതശാദ്വലപ്പൊയ്ക കാണും.
ഇരുൾമാത്രമല്ല, വെളിച്ചവുമു-
ണ്ടരുതതിനാൽ തെല്ലും വിഷാദഭാവം.

Digitized By Kerala Sahitya Akademi

ഇരുൾപോയി, നേരം വെളിച്ചമായി,
നിറകതിരിൽ വിശ്രമുണൎന്നുമുങ്ങി !
കരയേണ്ടകാലം കഴിഞ്ഞു;—മേലിൽ
കലിതസുഖം നമ്മൾക്കു പാട്ടുപാടാം !......

—:o:—

## 10. പ്രാണനാഥൻ.

മരണമേ, നിൻസമാഗമനോത്സവ-
മഹിതരംഗവും കാത്തുകാത്തക്ഷമം,
മരുവിയിട്ടെത്രനാളുകളായിഞാൻ
മമവിജനമനോഹരമേടയിൽ ?
വെളിയിലൊക്കയുമന്ധകാരാവൃതം
തെളിവതില്ലൊരു വെള്ളിനക്ഷത്രവും.
കദനചിന്തകൾതിങ്ങും മനസ്സുപോൽ
കരിമുകിലാലിരുണ്ടുനഭസ്ഥലം.
ഭയദമാണീനിശീഥമെന്നാകിലും
ഭവദനഘസുഖദൎശനേച്ഛയാൽ,
ഒരുമനോഹര മാല്യവുമായിതാ
മരുവിടുന്നുഞാൻ മാമകശയ്യയിൽ !
മധുരമല്ലികാസൗരഭസാന്ദ്രമായ്
മഹിതകാന്തിതൻ നൎമ്മനരംഗമായ്,
മണിയറയിതു ലാലസിച്ചീടണം,
പ്രണയസൎവ്വമേ, നീ വരുംവേളയിൽ !



Digitized By Kerala Sahitya Akademi

അതുലകൗതുകമാൻറ, ഭവാനെ,ഞാൻ
ഹൃദയപൂർവ്വകംവന്നെതിരേൽക്കുവൻ !
ഇവിടെനിന്നും പിരിയുന്നവേളയിൽ-
ത്തവപദങ്ങളിലെന്നെയർപ്പിച്ചുഞാൻ,
മമജനിതൻ പരിപൂർണ്ണതയി,ലാ
മധുരമൂർഛയി,ലാപതിച്ചീടുവൻ !
നിരഘനിർവ്വാണപീയൂഷനിർഝരം
നിയതമെന്നിൽ തളിക്കുന്നനിൻകരം,
പരസഹസ്രകമാലിംഗനങ്ങളാൽ
പരിചരിച്ചീടുമെന്നെയെല്ലാഴ്പ്പോഴും !
മരണമേ, മമജീവിതപൂർത്തിയാം
മരണമേ, മൽപ്രണയസങ്കേതമേ,
വരിക, കൈക്കൊൾക, ഞാനായിടുന്നൊരീ-
പ്പരമമാകുമെന്നന്ത്യോപഹാരവും !!......

# 11. പൂമററം.

പുണ്യത്തിടമ്പായുദിച്ചുയന്നോ-
രുണ്ണിക്കതിരോനലകിലെങ്ങും
തൻ കര തല്ലജം വീശി വീശി-
ത്തങ്കം വിതച്ചു വിതച്ചു നിൽക്കെ;
ഭൂമിയും നാകവും ചേൻറ, യോഗ-
ക്ഷേമ പീയൂഷത്തിൽ മുങ്ങിനിൽക്കെ;

Digitized By Kerala Sahitya Akademi

സുന്ദര വത്സര വല്ലരിയിൽ-
പ്പൊന്നോണ സൂനം വിടൎന്നുനിൽക്കെ;
കാണുവി, നാരെയോ കാത്തുനിൽപ്പൂ
വേണാടിൻ നിസ്തുല ഭാഗ്യലക്ഷ്മി!

2.

ദേശാന്തരങ്ങളിൽ നിന്നുപോലു-
മാശംസകൾതൻ നവസുഗന്ധം
തൃക്കാൽക്കൽ കാഴ്ചവെച്ചത്യുദാരം
തൈക്കുളിർത്തെന്നലൊതുങ്ങിനിൽപ്പൂ.
ചുററുംനിറഞ്ഞ മരങ്ങളിൽ നി-
ന്നിററിററു വീഴുന്നു ഹൎഷബാഷ്പം.
സമ്രസം വാഴ്ത്തുന്നു മൎമ്മരത്താൽ
പത്രങ്ങളാമനോമോഹിനിയെ.
എന്നാലുമിന്ദീവരോജ്ജ്വലമായ്
മിന്നുന്നാതൻമിഴിക്കോണുകളിൽ
അപ്പപ്പോൾ കാണാമൊരക്ഷമയാ-
ലസ്പഷ്ടമാകും പ്രതീക്ഷയെന്തോ!

3.

കാനന പുഷ്പങ്ങൾ തിങ്ങുമോരോ
കാഞ്ചന മഞ്ജൂഷ കൈയിലേന്തി
തൃപ്തിതൻ മൂന്നു നിറകുടങ്ങ-
ളെത്തിപ്പോയ് മൂന്നു ചെറുകിടാങ്ങൾ.
അമ്മയെക്കണ്ടിട്ടു, മമ്മ കണ്ടു-
മമ്മുററത്താനന്ദം വെണ്മവീശി.

Digitized By Kerala Sahitya Akademi

4.

സ്നേഹസമൃദ്ധിയിൽ കാന്തിചിന്തും
മോഹന ദീപത്തെസ്സാക്ഷിയാക്കി.
നോക്കുന്നോരാരില്ല മാശവായ്ക്കും
പൂക്കളെമൊന്നവർ ചേൎന്നൊരുക്കി.
തുമ്പപ്പൂ, പിച്ചകം, പുത്തിലഞ്ഞി,
ചെമ്പകം, ചേമന്തി, ചെങ്കുറിഞ്ഞി,
ചിററാട, മുക്കുററി, ചെമ്പരത്തി
മുററത്തിന്നുത്സവപ്പൊട്ടു ചാൎത്തി!

5.

ഓടക്കുഴലും വിളിച്ചവിടെ-
യ്ക്കോരോ സുഷമകളോടിയെത്തി!
ദ്യോവിൽ വിമാനത്തിലുല്ലസിക്കും
ദേവകളാമുററം നോക്കിനില്പായ്!
ഉണ്ണിക്കിടാങ്ങൾ കുതൂഹലത്താ-
ലൊന്നിച്ചു കൈകോൎത്തു നൃത്തമാടി.
പ്രീതിയുൾച്ചേൎക്കുമക്കാഴ്ച കണ്ടാ
മാതൃനേത്രങ്ങൾ നിറഞ്ഞുപോയി!!

——:o:——

Digitized By Kerala Sahitya Akademi

# 12. മാഴ്കാസ്റ്റ മോഹിനി!

ആയിരം സ്വപ്നങ്ങൾ തിങ്ങിത്തുളുമ്പുമീ
യാനന്ദരാത്രിയും തീരുംമനോഹരി!
വേദനമാത്രം വഴിയും മനസ്സുമായ്
വേർപെട്ടുപോണ മുഷസ്സിന്നുമുൻപുനാം.
നിർദ്ദയ ലോകമുണരും, മസൂയത-
ന്നസ്ത്രങ്ങളെയ്തു മുറിക്കും മനസ്സിനെ!
കണ്ണീരിൽ മുങ്ങിക്കഴിയുവാൻ മാത്രമാ-
ണൊന്നിച്ചു ചേർന്നതീമന്നിൽനാമോമനേ!
ഓർത്തിരിക്കാതെ നാമൊത്തുചേർന്നെങ്കിലു-
മാത്തരായ് വിട്ടുമാറേണമെന്നെങ്കിലും.
ജീവനായ് നിൽക്കുന്ന നീപോലുമെൻതപ്ത
ജീവിതത്തിന്നു വെറുമൊരതിഥിയാം.
സല്ലപിക്കുന്നു മുടങ്ങാതെ മുന്തിരി
സ്സത്തുപകർന്നതന്നോമനേ നിന്നൊത്തു ഞാൻ
എങ്കിലും, കേവല മന്യയാണിപ്പൊഴു-
മെൻ കളിത്തോഴിയായ്ക്കൂടിക്കഴിഞ്ഞനീ!
നീയടുക്കുമ്പോളകന്നു മാറുന്നു ഞാൻ
നീയകലുന്നു ഞാൻ നിന്നോടടുക്കുകിൽ
കഷ്ടം, മീ മാന്ത്രികമായാ വലയത്തെ
വിട്ടുമാറാനശക്തരായ് പോയിനാം!
ശോകാന്ത മിപ്രേമനാടകമാടുവാൻ
ലോകമേ, ഞങ്ങളെ കൂട്ടിമുട്ടിച്ചു നീ,

Digitized By Kerala Sahitya Akademi

എന്നിട്ടൊഴിഞ്ഞിരുന്നേകാന്തതയിൽ നീ
മന്ദഹസിക്കയും ചെയ്യുന്ന നിത്ത്യം.
ആകട്ടെ, ഞങ്ങളിതോതിയിനിമേലി-
ലാവലാതിപ്പെട്ടിടുകില്ലൊരിക്കലും
എന്തുവന്നാലും സഹിക്കണം, നീയതു
ചിന്തിച്ചു കണ്ണീർ പൊഴിക്കരുതോമലേ!
കല്ലറക്കെട്ടിൽ നിലച്ചു പോകുന്നത-
ല്ലുല്ലസൽജീവിതം—മാഴ്കായ്കമോഹിനി!

——:o:——

## 13. മാദകാലാപം.

സുന്ദര വാരുണ ദിങ്മുഖത്തിൽ
മന്ദഹസിക്കുന്ന സാന്ധ്യതാരം
എന്നിലൊരാനന്ദ സ്വപ്നലേശം
തുന്നിപ്പിടിപ്പിക്കയായിരുന്നു.

* * *

സൂര്യൻ മറഞ്ഞു; നിലാവു വീണു;
സൂനം വിടന്നു; മണം പരന്നു;
ആലോലമർമ്മരം തൂകിത്തൂകി
മാലേയവായു തളർന്നലഞ്ഞു.
നാണം കുണുക്കിക്കുണുങ്ങിമന്ദം
ഹേമന്തരാത്രിയും വന്നുചേർന്നു.

Digitized By Kerala Sahitya Akademi

അശ്രാന്തം പാഞ്ഞുപോം ലോകചക്രം
വിശ്രാന്തി തേടുമിസ്സന്മുഹൂർത്തം,
സന്തോഷബാഷ്പത്തിൽ മുക്കവാനീ
മുന്തിരിച്ചാറെനിക്കാരുതന്നു ?
ആനന്ദ,മാനന്ദം ! ഞാനിനിയെൻ
ഗാനം മുറയ്ക്കു തുടൻകൊള്ളാം.

* * *

ദേവതാരാധനാ കാലമായി
കോവിലിൽ കേൾപ്പൂ മണിയൊലികൾ
ആഗതമാകയായ് ദൂരെനിന്നും
നാഗസ്വരത്തിൽ ഞെരുങ്ങലുകൾ.
കല്ലിൻെറ മുൻപിൽ കഴുത്തു ചായ്ക്കാ-
നില്ലില്ലെനിക്കിന്നു നേരമില്ല.
മുന്തിരി മോന്തുമെൻ ചുണ്ടിനാൽഞാൻ
മന്ത്രം ജപിക്കവാനല്ലഭാവം.
എല്ലാരും നിങ്ങളെട്ടത്തുവാഴ്ത്തും
കല്ലും മരവുമല്ലെൻെറ ദൈവം.
സ്വർല്ലോകമെന്നെത്തിരസ്കരിച്ചാൽ
പുല്ലാണെനിക്ക, ഞാൻ ഭീരുവല്ല.
മണ്ണിന്നടിയിൽ മറഞ്ഞുനിങ്ങൾ
വിണ്ണിലണഞ്ഞാലണഞ്ഞുകൊൾവിൻ.
എന്നെസ്സുകൗതുകം സ്വീകരിപ്പാൻ
മന്നിലേയ്ക്കിന്നതു വന്നുകൊള്ളും !

* * *

ശങ്കിപ്പതെന്തിനാണോമലേ നീ ·
തങ്കച്ചഷകം നിറച്ചുകൊള്ളൂ !

Digitized By Kerala Sahitya Akademi

കേവലം മായികം സ്വപ്നമാണീ-
ജ്ജീവിതമെങ്കിൽ, നാമോമലാളേ !
മണ്ണിന്നകത്തു ചൊരിഞ്ഞീടുമീ-
കണ്ണുനീർകൊണ്ടു പിന്നെന്തു സാദ്ധ്യം ?

മന്ദാരത്തോപ്പിലപ്പൂങ്കുയിൽവ-
ന്നെന്തെല്ലാം പാടിപ്പറന്നുപോയി ?
എന്നാലസ്സാധുവിൻ പേരുപോലു-
മന്നേ മറന്നു കഴിഞ്ഞു ലോകം !
ഇന്നപ്പൂങ്കാവിൽ വിടൎന്നപുഷ്പം
കണ്ണും കരളും കവൎന്നു—പക്ഷേ,
നാളെയാരുണ്ടതിൻ, വാടിവീണ
ലോലദളത്തിലൊരുമ്മവെയ്ക്കാൻ ?
ഹാ കഷ്ടം! മെന്തിന്നു സാക്ഷിനില്ക്കും
ലോകമെ! നീയും യഥാൎത്ഥമാണൊ ?

* * *

അയ്യോ വിഷമം! വിഷമമയ്യോ!
വയ്യെനിക്കോമലേ പാനപാത്രം !
വേവുമെന്നുള്ളിലെ വേദനകൾ
വേഗത്തിലല്പമൊന്നാറുവാനായ്,
എന്തിലും മീതെ ഞാൻ വാഴ്ത്തിടുമീ
മുന്തിരിച്ചാറിന്നേ സാദ്ധ്യമാകൂ !
എന്നിൽ നിന്നെന്നെപ്പുറത്തയയ്ക്കും
സുന്ദരമായൊരിദ്ദിവ്യമദ്യം.
ആരെന്നൊടേടാതുന്ന കൈവെടിയാ-
നാരിതു മന്നിൽ നിഷിദ്ധമാക്കി ?

Digitized By Kerala Sahitya Akademi

ആചാര്യന്മാർ നിങ്ങൾ നെയ്തുതന്നോ-
രാചാരമാകും നനഞ്ഞവസ്ത്രം,
മാറിയുടുക്കാതിരിയ്ക്കുവോളം
മാമൂൽപ്പനിയെങ്ങ വിട്ടുമാറാൻ ?
വേദനിക്കുന്ന മന്മാനസം !—ഹാ
വേഗമാകട്ടേ നിറയ്ക്കു പാത്രം !!

—:o:—

## 14. സായൂജ്യദീപ്തി.

---

നിന്നെയും കാത്തുകാത്തിപ്പുഴവക്കിൽഞാൻ
നിർന്നിമേഷാക്ഷനായ് നിൽക്കെ;
തന്നെത്താൻ പാടുമൊരായിരം വീണക-
ളൊന്നിച്ചുകൂടിയപോലെ;
ഓമൽ പുളകങ്ങൾ പൂവിട്ടൊരാരാമ-
സീമയിലെത്തിയപോലെ;
ഏതോ പരമാനന്ദഭൂതിതൻ മാറി,ലെൻ
ചേതന ചേർന്നു ലയിച്ചു.

*  *  *

നീളെത്തെളിഞ്ഞു നിരന്നതേജോമയ
ഗോളായുതങ്ങളിൽ നിന്നും
നിന്നംഗുലിസ്പർശമാത്രയിൽ; സംഗീത
ബിന്ദുക്കൾ തെററിത്തെറിക്കെ;
മംഗളഗാന പ്രളയമൊന്നിൽ, താണു
മുങ്ങുകയാണിപ്രപഞ്ചം.



Digitized By Kerala Sahitya Akademi

ആയതിൻ കല്ലോലമാലകളോടൊപ്പ-
മാടിയാടി, സ്വയ മെങ്ങോ
നിശ്ചയമില്ലാതൊഴുകുകയാണൊരു
പച്ചിലത്തോണിയായ് ഞാനും !

* * *

മുന്നിലുള്ളെത്രയോ ചക്രവാളങ്ങൾഞാൻ
പിന്നിട്ടു പിന്നിട്ടു പോയി !
എന്നിട്ടു, മാദിയി,ല്ലന്തമി,ല്ലത്ഭുത-
മെങ്ങുഞാനെങ്ങു ഞാനെത്തി ?
ചഞ്ചലബ്രഹ്മാണ്ഡബുൽബുദകോടികൾ
സഞ്ചരിക്കുന്നൊരഴച്ചാലിൽ,
ആയിരം പൊട്ടിത്തകര,ലയ്യായിര-
മാവിർഭവിച്ചും ഞൊടിയിൽ.
മാഹേന്ദ്രജാലങ്ങൾ കാണിക്കുമെത്രയോ
മായോത്സവങ്ങൾ ഞാൻ കണ്ടു !
വാപിളത്തുന്നോരതിൻെറ ഗത്തങ്ങളിൽ
വാടിവീഴുന്നു ദിനങ്ങൾ !
എന്നല്ല ജന്മാന്തരങ്ങൾ ചിറകടി-
ച്ചൊന്നിച്ചതിൽ ചെന്നൊളിപ്പൂ.
ഒപ്പ,മിരുട്ടും വെളിച്ചവും, തങ്ങളിൽ
കെട്ടിപ്പിടിച്ചും, പിരിഞ്ഞും;
അന്തമ,റേറാളമടിച്ചു കിടക്കുമ-
തെന്തൊരപാരതയാവോ !

* * *

Digitized By Kerala Sahitya Akademi

നിന്നീടുകയാണിവയ്ക്കൊക്കെയപ്പുറം
വിണ്ണിൻ വെളിച്ചമേ, നീയും !
അത്ഭുത, മെങ്ങനെപിന്നെ, നീ, യിക്കാട്ടു-
പുഷ്പത്തിലുംകൂടി യെത്തി ?
എമ്മട്ടു നിൻമഹൽ ചൈതന്യ സിന്ധുവ-
ന്നിമ്മഞ്ഞു തുള്ളിയിൽ തങ്ങി ?
അന്തമില്ലാത്തനിൻ വിസ്തൃതി,യെമ്മട്ടീ
മൺതരിക്കുള്ളിലൊതുങ്ങി ?
ഇച്ചെറുനീർപ്പോള,യെങ്ങനെ, വററാത്തൊ
രുജ്ജ്വലവാരാശിയായി ?
നിസ്സാരമായൊരിപ്പുഞ്ചിരിയെങ്ങനെ
നിത്യപ്രകാശമായ് മാറി ?
സത്യമേ, കാണുമിതൊക്കെ, നിൻശക്തിതൻ
പ്രത്യക്ഷചിഹ്നങ്ങൾ മാത്രം !—
അത്യക്ഷ്യജയ്യമാമേതോമഹിമത-
ന്നസ്പഷ്ടചിത്രങ്ങൾ മാത്രം !—
എന്നാ,ലിവയ്ക്കേക കാരണമായ് നില്പ-
തെങ്ങനീ, ദിവ്യമഹസ്സേ ?

* * *

എങ്ങാ—നിടയ്ക്കിടയ്ക്കവ്യക്തമായ്; നിൻെറ
സംഗീത വീചികാ ലേശം
എത്തിയാലെന്നടു,ത്തപ്പൊഴെല്ലാം ഗാഢ
സുപ്തിവന്നെന്നെച്ചതിക്കും.
ഞാനുണരുമ്പോഴേ,യ്ക്കാമനോമോഹന
ഗാനം മുഴവൻ നിലയ്ക്കും.

Digitized By Kerala Sahitya Akademi

വാർമഴ വില്ലതിൻ വർണ്ണങ്ങൾ മാത്ര,മാ
വാനിൽ, ചിലപ്പോൾ വരയ്ക്കും.
പിന്നത്തെ മാത്രയി,ലേതോകരപുട-
മൊന്നിച്ചതൊക്കെത്തുടയ്ക്കും.
ശാരീരമൊപ്പിച്ചു പാടാനതെന്ന,മ-
ശ്ശാരികാ സഞ്ചയം നോക്കും.
അക്കാഴ്ചയോരോന്നു കണ്ടിടുംതോറു,മെ-
ന്നുൾക്കാമ്പിലാകാംക്ഷയേറും !—
എന്തിനൊളിച്ചു കളിക്കുന്നു, ഹാ, നിത്യ-
സൌന്ദര്യമേ, നീയിനിയും ?
നിന്നിലലിഞ്ഞലിഞ്ഞില്ലാതെയായിട-
ട്ടെന്നിലെ ഞാനാത്ത വേഗം !
വാടാ വെളിച്ചമേ, തെല്ലിട നീ നിൻെറ
മൂടുപടമൊന്നു മാററൂ !

—:o:—

## 15. അശ്രുപൂജ.

അനുമോദനം വെറും വ്യർത്ഥം, ഹാ,പി-
ന്നനുശോചനത്തിനെന്തർത്ഥം ?
ശരിയാണതെങ്കിലും ദുഃഖം വന്നാ-
ലറിയാതെ കേണുപോമാരും.
നരനുമാത്രം മന്നിൽ നൽകീ ദൈവം
നവ നവ ഹാസ വിലാസം

Digitized By Kerala Sahitya Akademi

അതുമൂലമായിടാം കഷ്ടം, മവ-
ന്നധികം കരയുവാൻ യോഗം!

*　　*　　*

ഉതിരു മിക്കണ്ണീരൊന്നൊപ്പാൻപോലു
മുയരുന്നതില്ലിന്നു കൈകൾ.
ഇടനെഞ്ചു പൊട്ടുമാ,റയ്യോ, കേട്ടൊ-
രിടിവെട്ടതെന്തായിരുന്നു ?
മരണത്തിനിത്രയ്ക്കുമാത്രം, കെല്പീ
മഹിയിലുണ്ടെന്നാരറിഞ്ഞു!
ഇനിയൊരുനാളിലും ഹർഷത്തിൻെറ
കനകച്ചിറകുകൾ വീശി,
മഹിമകൾ പൂത്തും തളിർത്തും നില്ക്കും
മലയാളത്തിൻ മലർക്കാവിൽ
ഫലിതാത്മകങ്ങളച്ചിന്താചിത്ര-
ശലഭങ്ങളെത്തുകില്ലെന്നോ ?
സുഖദസുഷുപ്തിയിൽ സ്വപ്നത്തിൻെറ
സുലളിതാംശുക്കൾക്കിടയിൽ,
മദഭരിതോജ്ജ്വല നൃത്തംചെയ്തു
മതിമയക്കീടിനശേഷം,
ഇരുളും വെളിച്ചവും പുൽകിപ്പുൽകി-
പ്പിരിയുമക്കാല്യോദയത്തിൽ
അകലുമൊരപ്സരസ്സിൻ കാൽച്ചില-
മ്പണിയുന്ന ശിഞ്ജിതംപോലെ,
മറയാനിടയായിതെന്നോ, മന്നിൽ
മഹിതമ"സ്സഞ്ജയ"നാമം!

Digitized By Kerala Sahitya Akademi

ഇനിയൊരുനാളുമത്ത്ുവൽത്ത്ുമ്പൊ-
ന്നിളകുവാനൊക്കുകില്ലെന്നോ ?
കഠിനം, കഠിനം, ജഗത്തേ, നിൻെറ
കഥയി,തോക്കുമ്പോളസഹ്യം !

* * *

ഇനിയെന്തി,നൊക്കയും തീൎന്നു, പുഷ്പ-
വനികയിൽ ഗ്രീഷ്മം കടന്നും
തളിരും മലരും കൊഴിഞ്ഞു, മര-
ത്തണലുകളെല്ലാം മറഞ്ഞു.
നിറയുന്നു ചുററിലും മൌനം, നേൎത്ത
ചിറകടിപോലുമില്ലെങ്ങും
സകലത്തും ശൂന്യം, വിവിക്തം, മൂകം
വികലം, വിഷാദാഭിഷിക്തം
മരണമേ, നിൻജീവദാഹത്തിൻെറ
മരുവശത്തുള്ളരിച്ചിത്രം !
അരുതിതൊന്നോക്കുവാൻപോലു,മില്ലി-
ല്ലരുതിനിൻ തൃഷ്ണയ്ക്കൊതെല്ലും !

* * *

ഒരു നെടുവീപ്പുവിടാതെ, കണ്ണി-
ലൊരുതുള്ളിക്കണ്ണീർ വരാതെ,
അകലെ, സ്വതന്ത്രമായ്, പൊട്ടിച്ചിരി-
ച്ചവിടുന്നു നിന്നു, മഹാത്മൻ !
എരിയും മനസ്സിലമൃതം പെയ്തു
പരിചിൽ തവോജ്ജ്വലഹാസം.

Digitized By Kerala Sahitya Akademi

അവിടന്നൊരക്ഷരം മിണ്ടുമ്പോഴേ-
യ്ക്കഖിലരും പൊട്ടിച്ചിരിച്ചു;
ദുരിതങ്ങളെല്ലാം മറഞ്ഞു ഹർഷ-
ഭരിതരായ് മുന്നിൽ നിരന്നു
അറിവീലതെന്തിന്ദ്രജാലം! മുന്നി-
ലവിടുന്നു കാണിച്ചു ലോകം—
ചിരിയുടെ ലോകം—ആ ലോകത്തേക്കു
ചിറകു വിടുർത്തുന്നു ചിത്തം!
ഫലമെ,ന്തതെല്ലാം കഴിഞ്ഞു, വെറും
ചലനചിത്രംപോൽ മറഞ്ഞു!
സ്ഫുരിതഹർഷാർഭമച്ചിത്തംപോലു-
മൊരുപിടിച്ചാമ്പലായ്ത്തീർന്നു!
ഹതഭാഗ്യരയ്യോ, കുതിത്തീടുന്നി-
രുളുപോലും, ഞങ്ങൾ കണ്ണീരിൽ!!—

* * *

മിഴിനീരുകൊണ്ടെന്തു കാര്യം?—മാഞ്ഞ
മഴവില്ലതെന്നേയ്ക്കും മാഞ്ഞു!
അതുലമാം ശാന്തിതൻ നിത്യോത്സവ-
മതിനിനി നേരുക നമ്മൾ!

* * *

മലയാളത്തിൻെറ ഫലിതം ചാർത്തും-
മണിമാലകൾക്കു നടുവിൽ
മരതകപ്പച്ചപ്പതക്കം തൂക്കി
മഹനീയ "സഞ്ജയ" നാമം!
വിമലദ്യുതിവീശിമേന്മേലതു
വിലസിടട്ടാകല്പകാലം!!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴക്കൃതികൾ

| | | | | |
|---|---|---|---|---|
| 1. | ചൂഡാമണി | 1 | 0 | 0 |
| 2. | ശ്രീതിലകം | 1 | 0 | 0 |
| 3. | കലാകേളി | 0 | 12 | 0 |
| 4. | രമണൻ [അഞ്ചാംപതിപ്പ്] | 1 | 6 | 0 |
| 5. | രക്തപുഷ്പങ്ങൾ [പരിഷ്കരിച്ച രണ്ടാംപതിപ്പ്] | 1 | 4 | 0 |
| 6. | ബാഷ്പാഞ്ജലി [രണ്ടാംപതിപ്പ്] | 1 | 8 | 0 |
| 7. | സങ്കല്പകാന്തി | 1 | 0 | 0 |
| 8. | ആരാധകൻ [രണ്ടാംപതിപ്പ്] | 0 | 8 | 0 |
| 9. | ഹേമന്തചന്ദ്രിക [രണ്ടാംപതിപ്പ്] | 0 | 8 | 0 |
| 10. | തിലോത്തമ | 0 | 8 | 0 |
| 11. | മോഹിനി | 0 | 8 | 0 |
| 12. | വത്സല | 0 | 8 | 0 |
| 13. | ദേവത | 0 | 8 | 0 |
| 14. | കാല്യകാന്തി | 0 | 8 | 0 |

## (കളിത്തോഴി)

അച്ചടിച്ചുവരുന്നു.

[ചങ്ങമ്പുഴയുടെ ഒരൊന്നാംതരം നോവൽ]

വില 2 രൂപാ.

ആവശ്യപ്പെടുക

പി. കെ. ബ്രദേർസ്,

ഹജൂർ റോഡ്,

കോഴിക്കോട്

Digitized By Kerala Sahitya Akademi